# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/1869/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 11/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), കോഴിക്കോട്
3. കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/1869/2021 തീയ്യതി: 11/01/2022

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2019 മുതൽ 17-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ജോയിന്റ് ഡയറക്ടർ(ഇൻ ചാർജ്ജ്)) | 18-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം. കരുണാകരൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. എൻ. രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഇന്ദുകല. സി. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിജേഷ്. കെ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. എ. സി. സതി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. എൻ. പി ബാബു | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി. സഖി. എം | സെക്രട്ടറി | 01-04-2020 | 07-08-2020 |
| ശ്രീ. പി.എം. ഗംഗാധരൻ | സെക്രട്ടറി | 08-08-2020 | 10-01-2021 |
| ശ്രീ. ബേബി. പി. വി | സെക്രട്ടറി | 11-01-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ഷാമിൻ. പി. ആർ | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി)) | 01-04-2020 | 31-03-2021 |
| ശ്രീ. സൂരജ്. പി.ജി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് നിയാസ് | അസി. എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീ.സുധീഷ് കുമാർ. ഒ.വി | അസി. എഞ്ചിനീയർ | 25-06-2020 | 01-03-2021 |
| ശ്രീ. അബ്ദുൾ ഗഫൂർ. എം | അസി. എഞ്ചിനീയർ | 01-03-2021 | 31-03-2021 |
| ശ്രീമതി. സുനിത ജോസഫ് | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 22-06-2020 |
| ശ്രീമതി. ബിന്ദു. ആർ | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 23-06-2020 | 31-03-2021 |
| ഡോ. സുരേഷ് . ടി. ഓർണാടി | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുഷമ. പി. വി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ദീപ. കെ | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് നവാസ്. പി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഷിബിൻ. കെ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സലീഷ്. എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 30-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-7 |
| 9 | ഓഫീസ് രസീറ്റ് ബുക്ക് പിരിവ് ഒടുക്കുന്നതിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-8 |
| 10 | പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ അക്ഷയോർജ ഉത്പാദക യൂണിറ്റ്- നാളിതുവരെ പ്രവർത്തനക്ഷമമായില്ല.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-9 |
| 11 | നരിക്കിലാപ്പുഴ ജലസ്രോതസ് സംരക്ഷണപദ്ധതി.-ക്രമക്കേടിനുത്തരവാദിയായ കരാറുകാര നെതിരെ നടപടികൾ കൈകൊള്ളുന്നതിൽ കാലതാമസം.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-10 |
| 12 | ഡയാലിസിസ് ചെയ്യുന്ന വയോജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ-നടപടി ക്രമങ്ങൾ പാലിക്കാതെ മരുന്നും ഉപകരണങ്ങളും വാങ്ങി.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-11 |
| 13 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ -ബ്ലോക്ക് പഞ്ചായത്തിന് അധികചെലവ് വരുന്നു.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-12 |
| 14 | കാഫ് പ്രൊഡക്ഷൻ ഇൻസെന്റീവ് - മൃഗ സംരക്ഷണ മേഖലയിലെ നൂതന പദ്ധതി<br>Written By: N. Rajeevan (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 11-01-2022) | 1-13 |
| 15 | ഷി ഡസ്ക് - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി<br>Written By: C.V.Indukala (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-14 |
| 16 | കളിമുറ്റം - പദ്ധതി മേഖലാ ചുമതലയിൽപ്പെടാത്തതും മറ്റ് അപാകതകളും<br>Written By: C.V.Indukala (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-15 |
| 17 | വനിതാ റിക്രിയേഷൻ സെന്റർ , വനിതാ വർക്ക് ഷെഡ് (പട്ടിക ജാതി) എന്നീ കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ല<br>Written By: N. Rajeevan (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-16 |

| | | |
|---|---|---|
| 18 | താലൂക്ക് ആശുപത്രികെട്ടിടം മൂന്നാം നില വൈദ്യുതീകരണം -കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിൽ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-17 |
| 19 | വിവിധ പ്രൊജക്ടുകൾ പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിന് രേഖകളില്ല.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-18 |
| 20 | പെയിൻ& പാലിയേറ്റീവ് ഹോം കെയർ- ഫിസിയോതെറാപ്പിയൂണിറ്റിനായി ഉപകരണങ്ങൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ സമാഹരിച്ചു.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-19 |
| 21 | പി.എം.എ.വൈ,ഭവന നിർമ്മാണം- ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-20 |
| 22 | വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്താത്തതും, ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-21 |
| 23 | വിവിധ ഏജൻസികൾക്ക് ഡിപോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-22 |
| 24 | ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടികൾ ഇല്ല<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-23 |
| 25 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: N. Rajeevan (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-24 |
| 26 | ഒരു പദ്ധതിക്കായി ഒരേ വർഷം രണ്ട് പ്രൊജക്ടുകൾ നടപ്പാക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-25 |
| 27 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: N. Rajeevan (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-26 |
| 28 | പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-27 |
| 29 | ഐ.എ.വൈ അധിക വിഹിതം -ലോൺ തിരിച്ചടവ് മുടങ്ങിക്കിടക്കുന്നു<br>Written By: M.Karunakaran (Audit Officer, On 03-01-2022)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | താലൂക്ക് ആശുപത്രികെട്ടിടം മൂന്നാം നില വൈദ്യുതീകരണം -കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിൽ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 30-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.Karunakaran (Audit Officer, On 28-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Vasudevan M (Deputy Director, On 11-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബ്ലോക്ക്പഞ്ചായത്തിന്റെ ബജറ്റ് 23.3.2020- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട1 തീരുമാനം 110/2019-20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് 22-2-21 ൽ കൂടിയ ഭരണസമിതിയുടെ 78/20.21തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെല വുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾകൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . ബ്ലോക്ക് പഞ്ചായത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ( I.E.O ഒഴികെ)ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ. ഭരണസമിതി അംഗീകരിച്ചുനൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥവരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 23.3.20ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം,സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 123048808രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 98981016രൂപ മാത്രമാണ് അതെപോലെതന്നെചെലവ് ബജറ്റ് പ്രകാരം119991362രൂപയും യഥാർത്ഥ ചെലവ് 87000595 രൂപയുമാണ് . ബ്ലോക്ക്പഞ്ചായത്തിന്റെ പ്രധാന വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വികസന ഫണ്ട് ജനറൽ | - | 35538695 |
| വികസന ഫണ്ട് .എസ്.സി.പി | -- | 14355088 |
| എം.ജി എൻ .ആർ | 2532400 | 5032000 |
| C.F.C. ഗ്രാന്റ് | 37464300 | 9570987 |
| നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 1200000 | 277825 |

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം ബ്ലോക്ക്പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 22.06.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1. വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് ജനറല് വരവ് /ചെലവ് 35538695/- രൂപയാണ്. എന്നാൽ എ.സി.ആർ ൽ വരവ് /ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 35613695/--രൂപയാണ്.
2. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക്

ചെലവഴിക്കാനവശേഷിക്കുന്നതായി 9806500/- രൂപയുണ്ട്. എന്നാൽ B17 ഷെഡ്യൂളിലെ സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി 1231935/-രൂപയാണുള്ളത്.

3. ആസ്തികൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല. കൂടാതെ 2020-21 ൽ ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ വാഹനത്തിന്റേത് ഒഴികെ മറ്റ് ആസ്തികളുടെ വാല്യൂ വളരെ കൂടുതലായാണ് കൊടുത്തിരിക്കുന്നത്.

| ഇനം | 2019-20 (I-17 പ്രകാരം) | 2020-21 (I-17 പ്രകാരം) |
|---|---|---|
| Buildings | 547467 | 1019745 |
| Roads & Bridges | 711650 | 1707452 |
| Waterways | 407637 | 724243 |
| Plant & Machinery | 85743 | 1126743 |
| Office & Other Equipments | 276740 | 357563 |

4. ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ബാധ്യതയായ ലോൺ പലിശ (0.75%) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കിയിരിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിൽ പഞ്ചായത്ത് 2018-19 മുതൽ അഡ്വാൻസ് നൽകിയ വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

6. അഡ്വാൻസ് രജിസ്റ്ററിൽ മുഴുവൻ അഡ്വാൻസ് വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള അഡ്വാൻസ് കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

7. വിവിധ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

9. ഡെ ബുക്കും ക്യാഷ് ബുക്കും ദിവസേന പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

10. 202021 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11. ഓഫീസ് രസീറ്റ് പ്രകാരമുള്ള കലക്ഷൻ സാംഖ്യയിൽ വരവ് കാണിക്കാതെ നേരിട്ട് ട്രഷറിയിലേക്ക് ഒടുക്കുകയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തുവരുന്നത്. ഇത് സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീതായി വരവ് വെക്കുന്നത് കുറെ ദിവസങ്ങൾക്ക് ശേഷമാണ്.

12. ഇ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/20-21 തീ.29-12-21)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16864390 |
| വരവ് | 82116626 |
| ആകെ | 98981016 |

| | |
|---|---|
| ചെലവ് | 87000595 |
| നീക്കിയിരിപ്പ് | 11980421 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 35953612 | 35953612 | 35613695 | 339917 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14560000 | 14560000 | 14355088 | 204912 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 733700 | 733700 | 729616 | 4084 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6266967 | 6266967 | 6226141 | 40826 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 0 | 6750000 | 6750000 | 6180270 | 569730 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6750000 | 6750000 | 3390717 | 3359283 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ -

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ , വാർഷിക കണക്ക് , ചെലവ് പത്രിക എന്നിവ പ്രകാരം 35538695/- രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ എ.സി.ആർ പ്രകാരം ചെലവ് 35613695/- രൂപയാണ് ഉള്ളത്.
2. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്-ജനറൽ ഉത്പാദനം | 190924773 | 13116567 |
| സേവനം | 112654605 | 23142578 |
| പശ്ചാത്തലം | 11254056 | 8204056 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | 5708183 | 17376473 |
| വികസനഫണ്ട്-എസ്.സി.പി., (പശ്ചാത്തലം) | 7288034 | 3888034 |
| വികസനഫണ്ട്-ടി.എസ്.പി. സേവനം (കുടിവെള്ളം) | 6750000 | 638000 |
| വികസനഫണ്ട്-ടി.എസ്.പി. സേവനം (സാനിറ്റേഷൻ) | 1500000 | 100000 ( പശ്ചാത്തലം) |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സേവനം) | 8975000 | 5600000 |

| | | |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 12214189 | 6323189 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-(ഉത്പാദനം) | 1690844 | 797711 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 129 | 86 | 5 | 38 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ129 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ91പ്രൊജക്ടുകൾക്ക് മാത്രമാണ് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞുള്ളൂ. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 123995730രൂപ വകയിരുത്തിയതിൽ 75118525 രൂപ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്നകാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റെനന്സ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് | 6266967 | 6226141 | 40826 |
| വികസന ഫണ്ട് ജനറൽ | 35953612 | 35613695 | 339917 |
| വികസന ഫണ്ട് -SCP | 14560000 | 14355088 | 204912 |
| വികസന ഫണ്ട് -T.SP | 733700 | 729616 | 4084 |
| C.F.C.(tied) | 6750000 | 3390717 | 3359283 |
| C.F.C.(untied) | 6750000 | 6180270 | 569730 |
| ആകെ - | 71014279 | 66495527 | 4518752 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ ലഭ്യമായ തുകകളുടെ 93.6% ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാതെ ലാപ്സായ 4518752 രൂപയിൽ 3359283 രൂപയും C.F.C.(tied) ഇനത്തിലുള്ള തുകയാണ് . അസി.എഞ്ചിനീയർ ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരെല്ലാംതന്നെ തങ്ങൾക്ക് നടപ്പിലാക്കാനുള്ള പ്രൊജക്ടുകൾ പൂർണമായോ, ഭൂരിഭാഗമോ നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണോദ്യോഗസ്ഥർ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള കർത്തവ്യങ്ങൾ വിസ്മരിച്ചുകൊണ്ടാണ് ഭൂരിഭാഗം പ്രൊജക്ടുകളും ഏറ്റെടുത്തിരിക്കുന്നത്. സർക്കാറിന്റെ പ്രത്യേകാനുമതിയോടെ അംഗീകാരം ലഭിച്ച കാഫ് പ്രൊഡക്ഷൻ ഇൻസന്റീവ് എന്നപ്രൊജക്ട് പാതിവഴിയിൽ ഉപേക്ഷിച്ചതായും കാണുന്നുണ്ട്

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉൾപ്പെടെയുള്ള വിവിധ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്റ്റുകളുടെ രൂപീകരണം,നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തികവർഷത്തിൽ പ്രൊജക്റ്റുനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭൂരിഭാഗം യോഗ മിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ചില വർക്കിഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനർമാരുടെ പങ്കാളിത്തം വളരെ കുറവാണ്. ഉദാ - സാമൂഹ്യക്ഷേമം, ആവശ്യമായ കോറം തികയാതെയും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് തീരുമാനം കൈകൊണ്ടതായി കാണുന്നു. ഉദാ.9.10.18ലെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേരേണ്ടതും യോഗ മിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്റ്റുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്ന എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-12-2021, 3 PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ 26.10.19ലെ 9/19 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കാഷ് ബുക്ക്, ഡേ ബുക്ക് എല്ലാ ദിവസവും സെക്രട്ടറി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ബാങ്ക്, ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്. മറ്റ് രജിസ്റ്ററുകളിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. സ്യൂട്ട് രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ,വിവിധ പരാതികൾ എന്നിവയിൽ യഥാസമയം നടപടികൾ കൈകൊള്ളുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നകാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായതായി കാണുന്നില്ല.1999-2000മുതൽ 2018-19 വരെ വർഷങ്ങളിലെ 14 റിപ്പോർട്ടുകളിൽ ഇപ്പോഴും നടപടികൾ കൈകൊള്ളാനുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 ഓഫീസ് രസീറ്റ് ബുക്ക് പിരിവ് ഒടുക്കുന്നതിലെ അപാകതകൾ

1. ഓഫീസ് രസീറ്റ് പ്രകാരമുള്ള കലക്ഷൻ സാംഖ്യയിൽ വരവ് കാണിക്കാതെ നേരിട്ട് ട്രഷറിയിലേക്ക് ഒടുക്കുകയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തുവരുന്നത്. കലക്ഷൻ തുക തൊട്ട അടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കുന്നുണ്ടെങ്കിലും ഇത് സാംഖ്യയിൽ ഇന്ററപ്റ്റഡ് രശീതായി ഉൾപ്പെടുത്തുന്നത് കുറെ ദിവസങ്ങൾക്ക് ശേഷമാണ്. ഇതിനാൽ വരവ് വന്ന തുക ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ വരവ് വരുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| രസീറ്റ് ബുക്ക് നം | രസീറ്റ് നം | രസീറ്റ് വരവ് തീയതി | ട്രഷറിയിൽ ഒടുക്കിയ തീയതി | സാംഖ്യയിൽ വരവ് വന്ന തീയതി |
|---|---|---|---|---|
| 583 | 1 | 6-9-19 | 7-9-19 | 25-9-19 |
| " | 2,3 | 19-9-19 | 20-9-19 | 25-9-19 |
| " | 4,5 | 20-12-19 | 21-12-19 | 27-12-19 |
| " | 6 | 28-1-2020 | 28-01-20 | 3-2-20 |
| 585 | 1 To 17 | 16-11-20 | 17-11-20 | 14-01-2021 |
| " | 18 To 20 | 17-11-20 | 18-11-20 | 14-01-2021 |
| " | 21 To 36 | 18-11-20 | 19-11-20 | 14-01-2021 |
| " | 37 To 67 | 19-11-20 | 20-11-20 | 14-01-2021 |
| " | 68 | 28-01-21 | 01-02-21 | 27-02-21 |

2. ഓഫീസ് രസീത് ബുക്കിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതിനാൽ സ്റ്റോക്ക് പ്രകാരമുള്ള രസീറ്റ് ബുക്കുകളുടെ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. രസീറ്റ് ബുക്ക് നം 585 ൽ 1 മുതൽ 71 വരെ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇവ ഡബിൾ സൈഡഡ് കാർബണില്ലാതെയാണ് എഴുതിയിരിക്കുന്നത്.
4. രസീറ്റ് കലക്ഷൻ രേഖപ്പെടുത്തുന്നതിന് കലകഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കലക്ഷൻ തുക രജിസ്റ്ററിൽ രേഖപ്പടുത്തുകയോ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെ നേരിട്ട് സാംഖ്യയിൽ വരവ് വെക്കുകയാണ് ചെയ്യുന്നത്.
5. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീറ്റുകൾ (ബുക്ക് നം 583 ലെ രസീറ്റ് നം 7 മുതൽ 100 വരെയും , ബുക്ക് നം 585 ലെ രസീറ്റ് നം 73 മുതൽ 100 വരെയുള്ള രസീറ്റുകളും) ക്യാൻസൽ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23 /21 തീ. 29-12-21) മുപടി ലഭ്യമാക്കിയിട്ടില്ല.

രസീറ്റ് വരവ് സാംഖ്യയിൽ വരവ് രേഖപ്പെടുത്താതെ നേരിട്ട് ട്രഷറിയിൽ അടവാക്കുന്നത് ആവർത്തിക്കാതിരിക്കാൻ വേണ്ട ശ്രദ്ധ നൽകേണ്ടതും രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-9 പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ അക്ഷയോർജ ഉത്പാദക യൂണിറ്റ്- നാളിതുവരെ പ്രവർത്തനക്ഷമമായില്ല.

നിർവ്വഹണം - സെക്രട്ടറി
പ്രൊജക്റ്റ് നമ്പർ - 122/21
വകയിരുത്തിയ തുക - 3600000
ചെലവുതുക - 3600000

സർക്കാർ കെട്ടിടങ്ങളിലെ മേൽക്കൂരയിൽ സോളാർ പദ്ധതികൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പേരാമ്പ്ര താലൂക്ക് ആശുപത്രി കെട്ടിടങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം 2750000 രൂപ സാമ്പത്തിക വർഷം തന്നെ K.S.E.B തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ K.S.E.B തിരുവനന്തപുരത്തിന് അടവാക്കുകയും പ്രവൃത്തി നിർവഹണം സംബന്ധിച്ച് 21.12.2018ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി K.S.E.B യുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ നിർവഹണം നടത്തുന്നതിന് കെ.എസ്.ഇ.ബി നിയോഗിച്ച ADARSH POWER SOLUTION CHENNAI എന്ന സ്ഥാപനവും കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. അവശേഷിക്കുന്ന 850000 രൂപ 17.8.2019ലാണ് അടവാക്കിയിരിക്കുന്നതെങ്കിലും മുഴുവൻ ചെലവുകളും 2018-19 സാമ്പത്തിക വർഷത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2019-20 സാമ്പത്തികവർഷത്തെ ചെലവ് 2018-19 വർഷത്തിൽ തന്നെ ബുക്ക് ചെയ്യാനുണ്ടായ കാരണം വ്യക്തമല്ല. പണമടവാക്കി രണ്ട് വർഷത്തോളമായിട്ടും പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽമാത്രം 918822 രൂപ താലൂക്ക് ആശുപത്രിയിലെ കറന്റ് ചാർജിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ചെലവു വന്നിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ട് 13.9.21ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി K.S.E.B ചീഫ് എഞ്ചിനീയർക്കയച്ച കത്തിന് 28.10.21ൽ ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ 880323 രൂപ പദ്ധതിക്കായി നാളിതുവരെ വിനിയോഗിക്കപ്പെട്ടതായും പ്രവൃത്തി പൂർത്തീകരിച്ച ശേഷം പൂർണമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി യൂണിറ്റ് സ്ഥാപിക്കുന്ന താലൂക്ക് ആശുപത്രി സന്ദർശിച്ചതിൽ പ്രവൃത്തിക്ക് ആവശ്യമായ പാനലുകൾ ഒന്നായി യൂണിറ്റ് സ്ഥാപിക്കുന്ന കെട്ടിടത്തിനടുത്ത് സൂക്ഷിച്ചതായി കണ്ടു. പ്രവൃത്തികളൊന്നും തന്നെ നാളിതുവരെ ആരംഭിച്ചിട്ടില്ല. വൻതുക വർഷങ്ങളായി ഡെപ്പോസിറ്റ് ചെയ്തിട്ടും ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നോ,നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നോ ഉണ്ടാകാത്തതാണ് അപാകതക്ക് പ്രധാന കാരണം. യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി അപാകത പരിഹരിക്കാവുന്നതാണ്.

### 1-10 നരിക്കിലാപ്പുഴ ജലസ്രോതസ് സംരക്ഷണപദ്ധതി.-ക്രമക്കേടിനുത്തരവാദിയായ കരാറുകാര നെതിരെ നടപടികൾ കൈകൊള്ളുന്നതിൽ കാലതാമസം.

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ നരിക്കിലാപ്പുഴ ജലസ്രോതസ് സംരക്ഷണപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടിന് ഉത്തരവാദിയായ പൊതുമരാമത്ത് കോൺട്രാക്ടർ ശ്രീ.അബ്ദുൾ റഹീമിൽ നിന്നും ഈടാക്കേണ്ട 260783 രൂപ ടിയാന്റെ സെക്യൂരിറ്റി ഡപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിനും ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 5.5.19 ലെ സി.ഡി.3/107/19 ഉത്തരവുപ്രകാരം ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുണ്ട്. 18.6.19 കൂടിയ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15(7) നമ്പർ തീരുമാനപ്രകാരം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ചുമതലപ്പെടുത്തി രണ്ട് വർഷം കഴിഞ്ഞിട്ടും കരാറുകാരനെതിരെയുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സെക്യൂരിറ്റി ഡപ്പോസിറ്റ് കണ്ടുകെട്ടുന്നതിന് ടിയാൻ സെക്യൂരിറ്റി ഡപോസിറ്റായി സമർപ്പിച്ച ഫെഡറൽ ബാങ്കിന്റെ കരുനാഗപ്പള്ളി ശാഖയിലുള്ള സ്ഥിരനിക്ഷേപം പലിശസഹിതം 83432 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അടവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 177351 രൂപ ലഭ്യമാക്കുന്നതിനായി പേരാമ്പ്ര അർബൻ കോ-ഓപ്. സൊസൈറ്റിയിലുള്ള സെക്യൂരിറ്റി തുകയായ 120000 രൂപ പലിശ സഹിതം കണ്ടുകെട്ടുന്നതിന് ബാങ്ക് സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും തുടർ നടപടികളൊന്നും ഉണ്ടായതായി കാണുന്നില്ല. നിലവിൽ 83432 രൂപ മാത്രമെ കരാറുകാരനിൽ നിന്നും കണ്ടുകെട്ടുന്നതിന് കഴിഞ്ഞിട്ടുള്ളൂ. കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപെടുത്താൻ അപേക്ഷിച്ചുകൊണ്ട് 22.10.2020 മാത്രമാണ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർ തിരുവനന്തപുരത്തിന് (അഡ്മിനിസ്ട്രേഷൻ) കത്ത് നൽകിയിട്ടുള്ളത്. മേൽകാര്യത്തിൽ പിന്നീട് തുടർ നടപടികൾ ഉണ്ടായിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുമ്പോൾ പൊതുമരാമത്ത് ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ സഹകരണ സ്ഥാപനങ്ങളിലുള്ള നിക്ഷേപം സെക്യൂരിറ്റിയായി സ്വീകരിച്ചതും സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതിന് തടസ്സമായി. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-11 ഡയാലിസിസ് ചെയ്യുന്ന വയോജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ-നടപടി ക്രമങ്ങൾ പാലിക്കാതെ മരുന്നും ഉപകരണങ്ങളും വാങ്ങി.

നിർവ്വഹണം – മെഡിക്കൽ ഓഫീസർ

പ്രൊജക്ട് നമ്പർ - 30/21

വകയിരുത്തിയ തുക - 1000000

ചെലവുതുക - 721776

പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ 2020-21 സാമ്പത്തിക വർഷത്തിൽഡയാലിസിസിന് വിധേയമാകുന്ന വയോജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്ന പ്രൊജക്ട് പ്രകാരം 10 ലക്ഷം രൂപ വകയിരുത്തിയതിൽ 721776 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം വാങ്ങലുകൾ റേറ്റ് കോൺട്രാക്ട് നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരു

വർഷത്തെ ആവശ്യകത പരിഗണിച്ച് ഒരുമിച്ച് ടെണ്ടർ ക്ഷണിച്ച് മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് പകരം സാമ്പത്തിക വർഷത്തിൽ 10 തവണ ക്വട്ടേഷൻ ക്ഷണിച്ചാണ് ആയവ വാങ്ങിയിരിക്കുന്നത്. എല്ലാപ്രാവശ്യവും ഉപകരണങ്ങളും മരുന്നും സപ്ലൈ ചെയ്തിരിക്കുന്നത് PROMT SUPPLIERS KOZHIKODE എന്ന സ്ഥാപനമാണ്. എല്ലായ്പ്പോഴും 3 സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുക്കുകയും (ഒരേ സ്ഥാപനങ്ങൾ തന്നെ) ആയതിൽ ചെറിയ വ്യത്യാസത്തിൽ PROMT SUPPLIERS KOZHIKODE ന്റെ ക്വട്ടേഷൻ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. ക്വട്ടേഷനുകളിൽ പങ്കെടുത്ത കൊടക്കാട്ട് ഫാർമ പാലാരിവട്ടം, സ്മാർട്ട് സപ്ലയേഴ്സ് കൊച്ചി എന്നീ സ്ഥാപനങ്ങൾ മരുന്നുകളും ഉപകരണങ്ങളും സപ്ലൈചെയ്യുന്ന സ്ഥാപനങ്ങളാണെന്ന് തെളിയിക്കുന്നതിന് അവരുടെ ലൈസൻസ് നമ്പർ പോലും ക്വട്ടേഷൻ ലറ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.സ്ഥാപനത്തിന്റെ പേരും സ്ഥലപ്പേരും മാത്രമാണ് ക്വട്ടേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല പേരാമ്പ്ര താലൂക്ക് ആശുപത്രി, ബ്ലോക്ക് ഓഫീസ്, പേരാമ്പ്ര പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ മാത്രം പ്രസിദ്ധപ്പെടുത്തിയ ക്വട്ടേഷൻ നോട്ടീസ് പ്രകാരം എല്ലായിപ്പോഴും കൊച്ചിയിലുള്ള സ്ഥാപനങ്ങൾ എങ്ങനെ പങ്കെടുക്കുന്നു എന്നതും വ്യക്തമല്ല. സ.ഉ.നമ്പർ 22/18 തി 14.2.18ഖണ്ഡിക 7.5.3 പ്രകാരം അലോപ്പതി മരുന്നുകൾ മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേനയാണ് വാങ്ങേണ്ടത്.അടിയന്തിര ഘട്ടങ്ങളിൽ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ, നീതി, ജൻഔഷധി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങാമെന്നിരിക്കെ അത്തരം വാങ്ങലുകളുടെ സാധ്യതയും ആരാഞ്ഞുകാണുന്നില്ല. ഉപകരണങ്ങളും മരുന്നുകളും ഇത്തരത്തിൽ ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങുന്നതിന് മുമ്പ് ബ്ലോക്ക് തല പർച്ചേസിംഗ് കമ്മറ്റി യുടെ അംഗീകാരം ലഭ്യമാക്കിയതായും കാണുന്നില്ല. വാങ്ങലുകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ട പർച്ചേസിംഗ് കമ്മറ്റി, ആരോഗ്യം, വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി എന്നിവക്ക് സംഭവിച്ച വീഴ്ചയാണ് അപാകതക്ക് കാരണമായത്. അപാകതകൾക്ക് കരണം വിശദമാക്കിയും, തുടർ വർഷങ്ങളിൽ സർക്കാർ മാർഗ നിർദ്ദേശ പ്രകാരം ഉപകരണങ്ങളും മരുന്നുകളും വാങ്ങിയും അപാകത പരിഹരിക്കാവുന്നതാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ -ബ്ലോക്ക് പഞ്ചായത്തിന് അധികചെലവ് വരുന്നു.

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളിൽ ബ്ലോക്കിന്റ ഘടകസ്ഥാപനങ്ങൾക്കുപുറമെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കോഴിക്കോട് ജില്ലാ സബ് ഓഫീസ്, കേരള വനിതാ വികസന കോർപ്പറേഷന്റെ സബ് ഓഫീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. പുതുതായി അനുവദിച്ച പിന്നോക്ക് വിഭാഗ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലാ സബ് ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ സൗകര്യം ബ്ലോക്ക് പഞ്ചായത്തിൽ അനുവദിച്ചു നൽകണമെന്ന് കോർപ്പറേഷൻ ജില്ലാ മാനേജർ 10.12.18 ബ്ലോക്ക് പഞ്ചായത്തിനോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 12.12.18 ൽ ചേർന്ന ഭരണസമിതി യോഗത്തിലെ തീരുമാനം നമ്പർ 80(2)/18-19പ്രകാരം അപേക്ഷ പരിഗണിക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ മൂന്നാം നിലയിൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് ഓഫീസിന് സ്ഥലസൗകര്യംലഭ്യമാക്കുന്നത് വരെ പരമാവധി ഒരുവർഷത്തേക്ക് കോർപ്പറേഷന്റെ സബ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് പ്രവർത്തനമാരംഭിച്ചു. അതേപോലെതന്നെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മേഖലാ മാനേജർ 17.8.20 ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം അനുവദിക്കണമെന്ന് അപേക്ഷിക്കുകയും 8.9.20 ൽ ചേർന്ന ഭരണസമിതി യോഗം 7/38(20-21)നമ്പർ തീരുമാന പ്രകാരം എ.ഡി.എ.ഓഫീസ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം താത്കാലികമായി അനുവദിക്കുന്നതിനും തീരുമാനിച്ചു. നിലവിൽ രണ്ട് സ്ഥാപനങ്ങളും ബ്ലോക്ക് ഓഫീസ് കെട്ടിടങ്ങലിൽ പ്രവർത്തിച്ചുവരുന്നു. ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പ് ബ്ലോക്ക് പഞ്ചായത്തുമായി ഓഫീസ് കെട്ടിടങ്ങളുടെ വിനിയോഗം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പരമാവധി ഒരുവർഷത്തേക്ക് അനുവദിച്ച പിന്നോക്ക വിഭാഗ വികസനകോർപ്പറേഷൻ നിലവിലും അവിടെ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിനാവശ്യമായ ഇലക്ട്രിസിറ്റി, വെള്ളം എന്നിവക്കുള്ള ചാർജ് ബ്ലോക്ക് പഞ്ചായത്താണ് വഹിക്കുന്നത്. 3ാം നിലയിൽ വിശാലമായ സ്ഥലത്ത് പ്രവർത്തിക്കുന്ന പിന്നോക്ക വിഭാഗ കോർപ്പറേഷൻ ഓഫിസിന്റെ കറന്റ് ചാർജിനത്തിൽ നല്ല തുക ബ്ലോക്ക് പഞ്ചായത്തിന് ചെലവുവരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ഓഫീസ് നിലവിലും പ്രവർത്തിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിലാണ്. ഇവിടെ സ്ഥലപരിമിതിയും, മഴക്കാലത്ത് ചോർച്ചയും പ്രകടമാണ്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന സെമിനാർ, ഗ്രാമസഭ, എന്നിവപോലെയുള്ള മീറ്റിംഗുകൾ കൂടാൻ സൗകര്യമുള്ള സ്ഥലത്താണ് പിന്നോക്ക വിഭാഗ വികസനകോർപ്പറേഷൻ ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം അനുവദിച്ചിരിക്കുന്നത്. രണ്ട് സ്ഥാപനങ്ങളിൽ നിന്നും യാതൊരുവാടകയും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. ഭരണസമിതി തീരുമാന പ്രകാരം പരമാവധി ഒരുവർഷത്തേക്ക് അനുവദിച്ച കെട്ടിടം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും തിരികെ ലഭിക്കാൻ നിലവിൽ കൈകൊണ്ടിരിക്കുന്ന നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി തീരുമാന പ്രകാരം ഒരു വർഷം കഴിഞ്ഞ് യഥാസമയം തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. കെട്ടിടം തിരികെ ലഭ്യക്കാൻ നടപടികൾ സ്വീകരിക്കുകയും അത് വരെ

ഉചിതമായ വാടക ലഭ്യമാവാനുള്ള സാധ്യതകളും പരിശോധിച്ച് അപാകത പരിഹരിക്കാവുന്നതാണ്.

## 1-13 കാഫ് പ്രൊഡക്ഷൻ ഇൻസെന്റീവ് - മൃഗ സംരക്ഷണ മേഖലയിലെ നൂതന പദ്ധതി

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ നൂതന പദ്ധതിയാണിത്. മൃഗ സംരക്ഷണ - ക്ഷീര വികസനമേഖലയിൽ സ്വശ്രയത്വം ഉറപ്പുവരുത്താനും, കർഷകന് സ്ഥിര വരുമാനം ഉറപ്പുവരുത്തി ക്ഷീരകർഷകരെ ഈ മേഖലയിൽതന്നെ നിലനിർത്തി പാലുൽപ്പാദനവും,പശുക്കളുടെ എണ്ണവും നിലനിർത്തുന്നതിനും,അതുവഴി മേഖലയുടെ സ്ഥായിയായ വികസനം ഉറപ്പുവരുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതിയാണിത്. ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ വെറ്റിനറി സർജനായ ഡോ. സുരേഷ് ഓറനാടിയുടെ നേതൃത്വത്തിലാണ് ഈ പദ്ധതി സംബന്ധിച്ച് വിശദമായ പഠനം നടത്തി പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പദ്ധതിയുടെ ഉദ്ദേശ്യ- ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ കഴിഞ്ഞ 25 വർഷങ്ങളായി മൃഗ സംരക്ഷണ – ക്ഷീര വികസന മേഖലയിലെ പദ്ധതികൾ പരിശോധിച്ചതിൽ, ഈ കാലയളവിൽ നടന്ന ബഹുഭൂരിപക്ഷം പദ്ധതികളും പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞില്ല എന്ന നിഗമനത്തിലാണെത്തിച്ചേർന്നത്. ഇതിന് പ്രായോഗിക ബദൽ എന്ന നിലയ്ക്കാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ പാലുൽപ്പാദനത്തിന്റെ തോത് കണക്കാക്കുന്നത് ഇപ്പോഴും നാമമാത്രമായ ഡയറിഫാമുകളുടെ വൻതോതിലുള്ള ഉൽപ്പാദനത്തെ (Mass Production) ആശ്രയിച്ചല്ല, മറിച്ച് ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ ചെറിയ അളവിലുള്ള (Production By Mass) ഉൽപ്പാദനത്തിന്റെ ഏകീകരണത്തിലൂടെയാണ്. ഇത്തരം കർഷകരാകട്ടെ 10 – 20 സെന്റ് സ്ഥലവും ഒന്നോ രണ്ടോ പശുക്കളെ മാത്രം വളർത്തുന്നതിനുള്ള പശ്ചാത്തല സൗകര്യം ഉള്ളവരുമാണ്. ഇത്തരം കർഷകർ തന്നെയാണ് മൃഗസംരക്ഷണ പദ്ധതികളുടെ ഗുണഭോക്താക്കളായി വരുന്നത് ഒന്നോ രണ്ടോ പശുക്കളെ വളർത്തുന്ന രീതിയാണ് പഞ്ചായത്തിലെ കർഷകർ അവലംഭിക്കുന്നത്. പശു,കിടാരി വിതരണ പദ്ധതികൾ നടപ്പിലാക്കുന്ന അവസരത്തിൽ കർഷകർ നിലവിലുള്ളതിനെ ഒഴിലാക്കി മറ്റൊന്നിനെ സ്വീകരിക്കുകയാണ് പതിവ്. തൽഫലമായി പദ്ധതി തുക ചെലവാക്കുക എന്നല്ലാതെ പാലുൽപ്പാദനത്തിലോ, പശുക്കളുടെ എണ്ണത്തിലോ, വർദ്ധനവ് ഉണ്ടാകുന്നില്ല.

മൃഗസംരക്ഷണ വകുപ്പും, ക്ഷീര വികസന വകുപ്പും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷീര ഗ്രാമം,കിടാരി വിതരണം,മിൽക് ഇൻസെന്റീവ് തുടങ്ങി എല്ലാ വിതരണ പദ്ധതികളും പശുക്കളുടെ എണ്ണത്തിലോ പാലുൽപ്പാദനത്തിലോ വർധനവുണ്ടാക്കുന്നില്ല, മറിച്ച് പശുക്കളുടെ പുനസ്ഥാപനം മാത്രമാണ് നടക്കുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് പശുക്കളെ കൊണ്ടുവന്ന് നടപ്പിലാക്കുന്ന പദ്ധതികളൊക്കെത്തന്നെ വിവിധ കാരണങ്ങളാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല എന്ന വസ്തുതയുടെ വെളിച്ചത്തിൽ രണ്ടു പ്രസവങ്ങൾ തമ്മിലുള്ള അകലം പരമാവധി 12 മാസമാക്കി കുറച്ച് പ്രതിവർഷം ഒരു പ്രസവം സാധ്യമാക്കുന്ന പദ്ധതിക്കാണ് ഇവിടെ രൂപം നൽകിയിരിക്കുന്നത്.

പേരാമ്പ്ര ബ്ലോക്കിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഇവിടെ ആവശ്യമായ പാലിന്റെ 4 ൽ 1മാത്രമാണ്. ഇതിന്റെ പ്രധാന കാരണം രണ്ട് പ്രസവങ്ങൾ തമ്മിലുള്ള അകലമാണ് (Inter Calving Period). കറവയുള്ള പശുക്കളുടെ പാലുൽപ്പാദനം 180 ദിവസങ്ങൾ കഴിയുമ്പോൾ ഗണ്യമായി കുറയുന്നു. സാധാരണയായി കർഷകർ ഇത് 300 ദിനത്തിനും മുകളിലേക്ക് കൊണ്ട് പോകാറുണ്ട്. 300 കറവ ദിനം കഴിഞ്ഞുള്ള ഓരോ ദിനവും കർഷകന് നഷ്ടമുണ്ടാക്കുന്നതാണെന്ന് അവർക്കറിയില്ല. ഇത് കേവലം യാദൃശ്ചികമായി സംഭവിക്കുന്നതല്ല. മറിച്ച് ശാസ്ത്രീയ ബോധമില്ലായ്മയുടെയും ഉൽപ്പാദന മേഖലയോടുള്ള അലംഭാവ സമീപനവും, ശാസ്ത്രീയ മാനേജ്മെന്റിന്റെ കുറവും, മേഖലയിൽ ക്രിയാത്മക ഉൽപ്പാദന ഇടപെടൽ നടത്തുന്ന പദ്ധതികളുടെ അഭാവവും കാരണമാണ്. ഇത് പരിഹരിക്കുന്നതിന് പശു പ്രസവിച്ച് ആറ് മാസത്തിനുള്ളിൽ വീണ്ടും ഗർഭിണിയാവുകയും അതായത് 15 മാസത്തിനുള്ളിൽ വീണ്ടും പ്രസവം സാധ്യമാവുകയും ചെയ്യുന്ന കർമ്മ പദ്ധതിക്ക് രൂപം നൽകുന്നു.

സാമ്പത്തിക സഹായത്തോടെ പശുക്കളുടെ രണ്ട് പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറച്ച് വർഷത്തിൽ ഒരു പ്രസവം സാധ്യമാക്കുകയാണ് പദ്ധതിയുടെ പരിപാടി. ഇതിനായി പദ്ധതിയിൽറജിസ്റ്റർ ചെയ്യുന്ന ക്ഷീര കർഷകർക്ക് താഴെ കൊടുക്കുന്ന നിരക്കിൽ ധനസഹായം നൽകുന്നു.

| പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് | ധനസഹായം |
|---|---|
| 15 മാസം | 2500 |
| 14 മാസം | 5000 |

| | |
|---|---|
| 13 മാസം | 7500 |
| 12 മാസം | 10000 |

പദ്ധതികൊണ്ടുള്ള പ്രധാന നേട്ടങ്ങൾ താഴെ പറയുന്നു.

1. രണ്ടോ മൂന്നോ വർഷം ഈ പദ്ധതി തുടരുന്നതുവഴി പശുപരിപാലനത്തിൽ അനുവർത്തിക്കേണ്ട സമയബന്ധിത പരിപാടികൾ മനസ്സിലാക്കാനും,മുൻ രീതികളിൽ നിന്ന് വ്യത്യസ്തമായി ഉൽപ്പാദനവും വരുമാനവും ക്രമേണ കൂടുമെന്ന് മനസ്സിലാക്കാനും പിന്നീട് പദ്ധതി ആനുകൂല്യം ഇല്ലെങ്കിലും പശുപരിപാലനം മുന്നോട്ട് കൊണ്ട് പോകാനും കർഷകരെ പ്രാപ്തരാക്കുന്നു.

2. പാലുൽപ്പാദനവും, കിടാരികളുടെ വർധനവും സുസ്ഥിരമാവുകയും ഇതുവഴി അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉരുക്കളെ കൊണ്ടുവരുന്നത് ഘട്ടം ഘട്ടമായി കുറയ്ക്കാനും കഴിയുന്നു.

3. ഒരു പശുവിന്റെ ഉൽപ്പാദന ജീവിതത്തിൽ പരമാവധി ഉൽപ്പാദനം സാധ്യമാക്കാനും, വന്ധ്യതാ നിവാരണം കൂടുതൽ കാര്യക്ഷമമാക്കാനും കഴിയുന്നു.

4. പശുക്കളെ ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രജനനം നടത്താൻ കഴിയുന്നു.

5. ശാസ്ത്രീയ പശുപരിപാലന മുറകൾ കാര്യക്ഷമമാക്കുന്നതു വഴി കർഷകരുടെ പശുപരിപാലന മാനേജ്മെന്റ് കഴിവ് സമയ ബന്ധിമായി ഉയർത്താൻ കഴിയുന്നു.

പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 40 ക്ഷീര കർഷകരെയാണ് ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരിക്കുന്നത്. 2020-21 വർഷം സീ.വെറ്റി.സർജൻ പ്രോജക്ട് നം.5/21 ഉൾപ്പെടുത്തി ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ലക്ഷം രൂപ വകയിരുത്തിയതിൽ 24973/- രൂപ പദ്ധതിയിലെ അംഗങ്ങളായ കർഷകർക്കുള്ള രജിസ്ട്രേഷൻ കാർഡുകൾ,പോസ്റ്റർ,കാഫ് പ്രൊഡക്ഷൻ ഇൻസെന്റീവ് ബ്രോഷർ,ബാനർ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ സ്പിൽ ഓവറായി 2021-22 വർഷം തുടരേണ്ടതായിരുന്നു. എന്നാൽ ഇതിന് ആവശ്യമായ പദ്ധതി ആസൂത്രണം ചെയ്തതായി കാണുന്നില്ല. ഓഡിറ്റിന്റെ ഭാഗമായി 28.12.2021 ന് നടന്ന എക്സിറ്റ് മീറ്റിങ്ങിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പദ്ധതി തുടരാതിരുന്നതിന്റെ കാരണം വിശദീകരിക്കുകയുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകരുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനായി വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ടെന്നും, ഇതിന് ശേഷം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നതെന്നാണ് അറിയിച്ചത്.

1-14 ഷി ഡസ്ക് - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി

| | | |
|---|---|---|
| പ്രൊജക്ട് നം | 36/21 | |
| വകയിരുത്തിയ തുക | 3,70,000/- | വികസന ഫണ്ട്(പൊതുവിഭാഗം) |
| ചെലവഴിച്ച തുക | 3,70,000/- | 30,000/-(5/20-21 തീ.25.08.2020 ) |
| | | 31,200/-(10/20-21 തീ.30.03.2021) |
| | | 1,20,000/-(3/20-21 തീ. 19.08.2021) |
| | | 30,000/-(9/20-21 തീ. 29.03.2021) |
| | | 68,800( 6/20-21 തീ. 20.01.2021) |
| | | 60,000/-(7/20-21 തീ. 25.01.2021) |

| | |
|---|---|
| | 30,000/-(8/20-21 തീ. 16.02.2021) |
| നിർവ്വഹണം | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ |

വനിതാ കൗൺസിലർമാരെ നിയമിച്ച് ജാഗ്രതാ സമിതി അടക്കമുള്ള വനിതാ കൂട്ടായ്മകൾ, സംഘങ്ങൾ എന്നിവയെ ശക്തിപ്പെടുത്തി സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് ലക്ഷ്യം. അംഗൻവാടി, ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ വച്ച് ബോധവത്കരണ ക്ലാസുകൾ, കൗൺസിലിംഗ് എന്നിവ നടത്തുന്നതിനായി രണ്ട് കൗൺസിലർമാരെ നിയമിച്ച കൗൺസിലർമാരുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമായില്ല. വിവിധ അംഗൻവാടികൾ, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലായി സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ എന്ന വിഷയത്തിൽ ക്ലാസ്സ്, സ്ത്രീകൾക്ക് ബോധവത്കരണം എന്നിവ നടത്തി. 2020-21 വർഷത്തിൽ 15,000/- രൂപ നിരക്കിൽ രണ്ട് കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായും സ്റ്റേഷനറി ചെലവുകൾക്കുമായും മേൽ പട്ടികയിൽ പരാമർശിച്ചത് പ്രകാരം 3,70,000/-രൂപ ചെലവഴിച്ചു .

2019- 20 വർഷത്തിലും ഇതേ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2019 ആഗസ്റ്റ് മുതൽ 2020 മാർച്ച് വരെ 15,000/- രൂപ നിരക്കിൽ രണ്ട് കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായും സ്റ്റേഷനറി ചെലവുകൾക്കുമായും വ്യത്യസ്ത ബില്ലുകളിലായി 2,29,064/-രൂപ ചെലവഴിച്ചു .

സർക്കാർ ഉത്തരവ് നം. 11/2018/തസ്വഭവ തീ. 29.01.2018 ഖ. 7.8.1(4) പ്രകാരം സാമൂഹ്യതിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവത്കരണം നടത്തുന്നതിനും അനുയോജ്യമായ പ്രൊജക്ടുകൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇതേ ഉത്തരവ് ഖ 6.3(5) പ്രകാരം ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസിലിംഗ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകൾ ആണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല ഐ.സി.ഡി.എസ് -കൾ നടത്തുക എന്നതാണ് . ഇതേ പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ, ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലകളിൽ ഉൾപ്പെടാത്തതും, സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുകൾ നടത്തേണ്ടതുമായ പ്രൊജക്ട് ഏറ്റെടുത്ത് നടത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. പ്രൊജക്ട് നടപ്പിലാക്കുന്നതിനായി പ്രത്യേക അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (3/19-20 തീ. 27.12.21) മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതോ, സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പദ്ധതികളോ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നു.

### 1-15 കളിമുറ്റം - പദ്ധതി മേഖലാ ചുമതലയിൽപ്പെടാത്തതും മറ്റ് അപാകതകളും

| | | |
|---|---|---|
| പ്രൊജക്ട് നം. | 77/21 | |
| വകയിരുത്തിയ തുക | 11,76,604/- | വികസനഫണ്ട് - പൊതുവിഭാഗം |
| | 4,23,396/- | തനത് ഫണ്ട് |
| | 16,00,000/- | |
| ചെലവഴിച്ച തുക | 2,18,434/- | 1/20-21 തീ. 17.04.2021 |
| | 9,58,170/- | 2/20-21 തീ. 06.08.2020 |
| | 4,23,396/- | |
| ആകെ | 16,00,000/- | |

അങ്കണവാടി കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് ഉതകുന്ന രീതിയിലുള്ള ക്ലാസ്സ് മുറികളും പഠന

ഉപകരണങ്ങളും സ്ഥാപിക്കാനാണ് ഈ പ്രൊജക്ട്. 16ലക്ഷം രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് ഇതിനായി വകയിരുത്തിയിരിക്കുന്നത്. 'ദ ക്രാഡിൽ' പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പദ്ധതിയായി പ്രവൃത്തി ചെയ്യാൻ വേണ്ടി ആർട്ടിസാൻസ് ഡവ. കോർപ്പറേഷനെ ഏൽപ്പിക്കാൻ ബ്ലോക്ക് പഞ്ചായത്ത് 86(2)/19-20 തീ. 29.01.2020 പ്രകാരം തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ 10 അംഗൻവാടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| 1 | അണ്ണക്കൊട്ടൻ ചാലിൽ | ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത് |
| 2 | തന്തമല | ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത് |
| 3 | മഞ്ചേരി കുഴിച്ചാലിൽ | ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് |
| 4 | ഏറോത്ത് താഴ | |
| 5 | യമുന | കായണ്ണ ഗ്രാമ പഞ്ചായത്ത് |
| 6 | കൂത്താളിതെരു | കൂത്താളി ഗ്രാമ പഞ്ചായത്ത് |
| 7 | കല്പത്തൂരിടം | നൊച്ചാട് ഗ്രാമ പഞ്ചായത്ത് |
| 8 | പനമ്പ്ര | |
| 9 | മരുതേരി | പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് |
| 10 | കുറങ്ങോട്ട് | |

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ് പദ്ധതിയുടെ സമഗ്രവികസനത്തിനായി ജില്ലാ ഭരണകൂടവും, വനിത ശിശുവികസന വകുപ്പും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് “ദി ക്രാഡിൽ'. സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക, കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക, അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ വികസിപ്പിക്കുക, ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരികമാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പിക്കുക, അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇതിൽ ഉൾപ്പെടുത്തി നവീകരണ പദ്ധതിയായി നടപ്പാക്കുന്നതിനാണ് കളിമുറ്റം പദ്ധതിയിൽ തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 16,00,000/രൂപ ചെലവഴിച്ച് ചുവടെ ചേർത്തിരിക്കുന്ന സാധനങ്ങളും/ സേവനങ്ങളും ആർട്കോയിൽ നിന്നും 28.02.2020ലെ 298, 299, 300, 301എന്നീ ക്യാഷ് ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | Colourful Play Mat | 707 | 165183.4 |
| 2 | Alphabet Mat & Number Mat | 360 | 16128 |
| 3 | Outdoor Football And Turf | 460 | 151984 |
| 4 | Rocker - | 10 | 22288 |
| 5 | Ride On | 10 | 17808 |
| 6 | Outdoor Landscape | 600 | 32256 |

| | | | |
|---|---|---|---|
| 7 | BookShelf | 10 | 49324 |
| 8 | Education Learning Kit | 10 | 83888 |
| 9 | Senior Super Slide | 10 | 84000 |
| 10 | Indoor Toy Bin | 10 | 23364 |
| 11 | Front Round Table | 30 | 141246 |
| 12 | Baby Plastic Moulded Chair | 150 | 60180 |
| 13 | Painting With Art Work | 10 | 309288 |
| 14 | Easel Wooden | 10 | 70,000 |
| 15 | Digital Classroom It Includes 32 Inch Full Hd Crystal TV | 10 | 167560 |
| 16 | Home Theater Sound System With 5.1 Channel | 10 | 62540 |
| 17 | Trust Bin Outdoor /Indoor | 4 | 9856 |
| 18 | Vegetable Garden Set | 2 | 29830.4 |
| 19 | Bamboo | 20 | 10290 |
| 20 | Outdoor Fun Slide | 2 | 34720 |
| 21 | Two Seat Sea Saw | 2 | 30464 |
| 22 | Activity Hand Co-Ordination Cube | 10 | 14224 |
| | ആകെ (GST(CGST + SGST)-201105.88 ഉൾപ്പെടെ) | | 1586421.88 |
| | സെസ്സ് | | 13755.16 |
| | ആകെ തുക | | 16,00,000 |

പദ്ധതി നടത്തിപ്പിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

ആർട്ട്കോ- യിൽ നിന്നും വാങ്ങിയ സാധനങ്ങൾ/ഉപകരണങ്ങൾ ചൈൽഡ് ഡവല്പ്മെന്റ് ഓഫീസർ സ്റ്റോക്കിലെടുത്തിട്ടില്ല. എല്ലാ ഉപകരണങ്ങളും മേൽ പറഞ്ഞ പത്ത് അംഗൻവാടികൾക്കും ലഭ്യമായോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 27.12.2021 ൽ കുത്താളി ഗ്രാമ പഞ്ചായത്തിലെ കുത്താളിതെരു അങ്കണവാടി സന്ദർശിച്ചപ്പോൾ അങ്കണവാടിയിലും പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ലെന്ന് കണ്ടു. ഇത് കാരണം എല്ലാ ഉപകരണങ്ങളും ലഭ്യമായി എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഉദാഹരണമായി, ആർട്ട്കോ- യുടെ 28.02.2020 -ലെ 298, 301 നം. ക്യാഷ് ബിൽ പ്രകാരം വാങ്ങിയ ചുവടെ ചേർക്കുന്ന ഇനങ്ങൾ മേൽ സ്ഥാപനത്തിൽ വിതരണം ചെയ്തതായി/സെറ്റ് ചെയ്തതായി കണ്ടില്ല.

| ഇനം | എണ്ണം | നിരക്ക് | ആകെ(GST ഉൾപ്പടെ) | |
|---|---|---|---|---|
| Bamboo | 20 | 490 | 10290 | GST 5%<br>Cess 98/- |
| Outdoor Lanscape | 600 | 48 | 32256 | GST 12<br>Cess 288 |

തുക നൽകിയ മുഴുവൻ സാധനങ്ങളും അങ്കണവാടികൾക്ക് വിതരണം ചെയ്തു എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഇത് കൂടാതെ, അങ്കണവാടിയിൽ ഒരുക്കിയ ഫുട്ബാൾ ടർഫ്, ചുമരുകളിലെ പെയിന്റിംഗ് എന്നിവയുടെയും നിരക്ക് നിശ്ചയിച്ചത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

2. ആർട്ട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല

ആർട്ട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സ.ഉ(സാധാ)നം. 3299/2016/തസ്വഭവ തീ. 02.12.2016 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 27.12.2021 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ കുത്താളി ഗ്രാമ പഞ്ചായത്തിലെ കുത്താളിതെരു അങ്കണവാടികളിലേക്ക് വാങ്ങിയ ഡിജിറ്റൽ ക്ലാസ് റൂം(ക്രിസ്റ്റൽ ടി.വി), ഹോം തിയേറ്റർ സൗണ്ട് സിസ്റ്റം എന്നിവ ആർട്ട്കോ സ്വന്തം നിലയിൽ നിർമ്മിച്ചതല്ല എന്ന് വ്യക്തമാണ്. ഡിജിറ്റൽ ടി.വി G-Ten എന്ന കമ്പനിയുടെയും, സൗണ്ട് സിസ്റ്റം Impex – ന്റേതുമാണ്. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്ട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിൽ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. പഞ്ചായത്ത് രാജ് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല ഐ.സി.ഡി.എസ് -കൾ നടത്തുക എന്നതാണ് സ.ഉ.എം എസ് 11/18/ത.സ്വ.ഭ.വ തീയതി 29.1.18 ഖണ്ഡിക 7(8) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(10/20-21 തീ. 27.12.2021)മറുപടി നൽകിയിട്ടില്ല. പഞ്ചായത്ത് രാജ് ആക്ട് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, പദ്ധതി മാർഗനിർദ്ദേശങ്ങൾ എന്നിവയിൽ ഉൾപ്പെടാത്ത പ്രൊജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, വാങ്ങിയ ഉപകരണങ്ങൾ/സാധനങ്ങൾ സ്റ്റോക്കിലെടുത്ത് എല്ലാ ഉപകരണങ്ങൾ/സാധനങ്ങളും ലഭ്യമായി എന്ന് ഉറപ്പു വരുത്തി ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-16 വനിതാ റിക്രിയേഷൻ സെന്റർ , വനിതാ വർക്ക് ഷെഡ് (പട്ടിക ജാതി) എന്നീ കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ല

A) നൊച്ചാട് ഗ്രാമ പഞ്ചായത്തിലെ കൽപ്പത്തൂർ സ്റ്റേഡിയത്തിന് സമീപമായി ബ്ലോക്ക് പഞ്ചായത്ത് ഒരു വനിതാ റിക്രിയേഷൻ സെന്റർ കെട്ടിടം പണിതിട്ടുണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എ.ഇ.ഇ |
| പ്രോജക്ട് നം. | 64/21 |
| അടങ്കൽ | 2500000/- |
| ഫണ്ട് | വികസനം.ജനറൽ |
| ചെലവ് | 2374299/- |
| ബിൽനം,തിയ്യതി. | 06/21/31.03.21 |

നൊച്ചാട് ഗ്രാമ പഞ്ചായത്ത് വയോജനങ്ങൾക്കായി പണിത പകൽ വീടിന്റെ മുകളിലായാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.മെയിൻ റോഡിൽ നിന്നും ഏകദേശം ഇരുന്നൂറ് മീറ്റർ ദൂരം ദുർഘടമായ പാതയിലൂടെ സഞ്ചരിച്ച് വേണം സ്ഥലത്തെത്താൻ.ഇവിടെ റോഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പകൽവീട്ടിലേക്ക് വരുന്ന വയോജനങ്ങൾക്കും, റിക്രിയേഷൻ സെന്ററിലേക്ക് വരുന്ന വനിതകൾക്കും ഈ റോഡിലൂടെ സഞ്ചരിക്കുക ദുഷ്കരമാണ്. ആയതിനാൽ റോഡ് അടിയന്തിരമായി സഞ്ചാരയോഗ്യമാക്കേണ്ടത് ആവശ്യമാണ്. മാത്രമല്ല കെട്ടിടത്തിൽ ബാത്ത് റൂം,പ്ലംബിങ്ങ് സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല, കെട്ടിടത്തിലേക്കാവശ്യമായ ഫർണ്ണിച്ചർ ലഭ്യമാക്കിയിട്ടില്ല.

B) പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ കണ്ണോത്ത് കുന്ന് അങ്കണവാടി കെട്ടിടത്തിന്റെ മുകളിലായി പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി ഒരു വർക്ക് ഷെഡ് നിർമ്മിച്ചിട്ടുണ്ട്.പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എ.ഇ |
| പ്രോജക്ട് നം. | 71/21 |
| അടങ്കൽ | 700000/- |
| ഫണ്ട് | വികസനം.ജനറൽ |
| ചെലവ് | 575875/- |

| | |
|---|---|
| ബിൽനം,തിയ്യതി. | 29/21/19.03.20 |

കെട്ടിടത്തിൽ ബാത്ത് റൂം സൗകര്യം ഒരുക്കിയിട്ടില്ല. ആവശ്യമായ ഫർണ്ണീച്ചർ, വൈദ്യുതി,പ്ലംബിങ്ങ് എന്നീ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 27.12.2021 ന് മേൽ സൂചിപ്പിച്ച രണ്ട് കെട്ടിടങ്ങളും ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. രണ്ട് കെട്ടിടങ്ങളും നിലവിൽ അടഞ്ഞ് കിടക്കുകയാണ്.കെട്ടിടങ്ങൾ ഉദ്ദേശിച്ച കാര്യങ്ങൾക്ക് ഉപയോഗിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20-21/28.12.21) മറുപടി നൽകിയിട്ടില്ല. പ്രത്യേക ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-17 താലൂക്ക് ആശുപത്രികെട്ടിടം മൂന്നാം നില വൈദ്യുതീകരണം -കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിൽ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല.

പ്രൊജക്ട് നമ്പർ - 141/20

വകയിരുത്തിയ തുക - 350000

ചെലവുതുക - 348287 (ബിൽ നമ്പർ 4/20-21തി 17.4.21)

നിർവഹണം – സെക്രട്ടറി

കരാറുകാരൻ - സതീശൻ സി.കെ

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പേരാമ്പ്ര താലൂക്ക് ആശുപത്രികെട്ടിടത്തിലെ മൂന്നാം നില വൈദ്യുതീകരണത്തിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 350000 രൂപ വകയിരുത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനായ ശ്രീ.പി.കെ സതീശൻ ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരൻ ഫൈനൽ ബിൽ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരനുമായി പ്രവർത്തിയുടെ ഉടമ്പടിയിൽ നിശ്ചിത സമയപരിധിക്കകം ഏർപ്പെടുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിക്കാണുന്നില്ല. പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപറ്റി 14 ദിവസത്തിനകം കരാറുകാരൻ പ്രവർത്തി സംബന്ധിച്ച് നിയമാനുസൃത കരാറിലേർപ്പെടേണ്ടതും 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ 1% ഈടാക്കി കരാറുമ്പടിയിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ പ്രവൃത്തിക്ക് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത് 23.1.20നാണ്. എന്നാൽ കരാറുകാരൻ ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്നത് 27.2.2020 ൽ മാത്രമാണ് (Agriment No 17/19-20 Dt 27.2.20). കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടപ്പോൾ കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കാതെയാണ് ഉടമ്പടിയിലേർപ്പെട്ടിരിക്കുന്നത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| | |
|---|---|
| സെലക്ഷൻ നോട്ടീസ് നൽകിയ തിയ്യതി | 23.1.20 |
| കരാറിലേർപ്പെട്ട തിയ്യതി | 27.2.20 |
| ഈടാക്കേണ്ട ഫൈൻ | 1% 348348 (P.A.C. Amount) |
| ഫൈൻ തുക | 3483 |

നിയമാനുസൃതം പിഴ ഈടാക്കാതെ കരാറുകാരനുമായ എഗ്രിമെന്റിലേർപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കാനുള്ള തുക 3483 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അപാകത പരിഹരിക്കാവുന്നതാണ്.

1-18 വിവിധ പ്രൊജക്ടുകൾ പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിന് രേഖകളില്ല.

2020-21 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്റ്റുകൾ പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കുന്നതിനും വൈദ്യുതീകരണത്തിനും സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | വൈദ്യുതീകരണത്തിനും, മോട്ടോർ സ്ഥാപിക്കുന്നതിനുമായി ചെലവഴിച്ച തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| 93/21 കുണ്ടൂത്തറ അംബേഡ്കർ കോളനി കുടിവെള്ള പദ്ധതി വൈദ്യുതീകരണവും മോട്ടോർ സ്ഥാപിക്കലും | 134529 | 8/20-21 തി 2.4.20 |
| 98/21ഈങ്ങോറച്ചാൽ കുടിവെള്ള പദ്ധതി വൈദ്യുതീകരണവും മോട്ടോർ സ്ഥാപിക്കലും | 142931 | 11/20-21 തി 7.4.20 |
| 97/21മരപ്പറ്റ കുടിവെള്ള പദ്ധതി വൈദ്യുതീകരണവും മോട്ടോർ സ്ഥാപിക്കലും | 153783 | 7/20-21 തി 7.4.20 |
| 93/21കിഴക്കെ കരുവഞ്ചേരികുടി വെള്ള പദ്ധതി വൈദ്യുതീകരണവും മോട്ടോർ സ്ഥാപിക്കലും | 176413 | 9/20-21 തി 17.4.20 |
| 93/21പൂളച്ചാൽ കുടിവെള്ള പദ്ധതി വൈദ്യുതീകരണവും മോട്ടോർ സ്ഥാപിക്കലും | 129516 | 10/20-21 തി 17.4.20 |

8/9/2020 ൽ ചേർന്ന ഭരണസമിതിയുടെ 33(6)/20-21 നമ്പർ തീരുമാനത്തിൽ കുടിവെള്ള പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനും തുടർ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽകാര്യത്തിൽ കൈകൊണ്ട തുടർനടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ സെക്രട്ടറിക്കുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയ കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ മുഖേന ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്.

1-19 പെയിൻ& പാലിയേറ്റീവ് ഹോം കെയർ- ഫിസിയോതെറാപ്പിയൂണിറ്റിനായി ഉപകരണങ്ങൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ സമാഹരിച്ചു.

പ്രൊജക്റ്റ് നമ്പർ - 32/20-21

വകയിരുത്തിയ തുക - 900000

ചെലവുതുക - 800539

സാമ്പത്തിക വർഷം പെയിൻ& പാലിയേറ്റീവ് ഹോം കെയറിനായി വകയിരുത്തിയ 9 ലക്ഷം രൂപയിൽ 675900 രൂപയും വകയിരുത്തിയിരിക്കുന്നത് ഫിസിയോതെറാ പ്പിയൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ്. സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/തിയ്യതി | ചെലവുതുക | ഉപകരണങ്ങൾ ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|
| 10/21.10.20 | 98932 | ചെന്നൈ സർജിക്കൽ&ബയോമെ ഡിക്കൽ കോഴിക്കോട് |
| 22/30.3.21 | 145657 | ചെന്നൈ സർജിക്കൽ&ബയോമെ ഡിക്കൽ കോഴിക്കോട് |

| | | |
|---|---|---|
| 24/30.3.21 | 63080 | ചെന്നൈ സർജിക്കൽ&ബയോമെ ഡിക്കൽ കോഴിക്കോട് |
| 28/30.3.21 | 191654 | ചെന്നൈ സർജിക്കൽ&ബയോമെ ഡിക്കൽ കോഴിക്കോട് |

പ്രൊജക്ട് പ്രകാരം ഉപകരണങ്ങൾ സർക്കാർ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും എല്ലാഉപകരണങ്ങളും വാങ്ങിയിരിക്കുന്നത് ക്വട്ടേഷൻ മുഖേന പലപ്പോഴായാണ്. എല്ലാ ക്വട്ടേഷൻ പ്രകാരവും ഉപകരണങ്ങൾ സപ്ലൈ ചെയ്തിരിക്കുന്നത് ഒരേ സ്ഥാപനമാണ്. ഒരേദിവസം തന്നെ ഒന്നിൽ കൂടുതൽ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് വ്യത്യസ്ഥ കൊട്ടേഷനുകൾ പ്രകാരമാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. സർക്കാർ സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ ലഭ്യമല്ലെങ്കിൽ സ്റ്റോർ പർച്ചയിസ് മാന്വൽ ഖണ്ഡിക 7.8 പ്രകാരംഒരു ലക്ഷം മുതൽ 10 ലക്ഷം വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ്ടെണ്ടർ ഉപയോഗപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിരിക്കെ ആയത് പാലിക്കാതെ മൊത്തം ആവശ്യമായ ഉപകരണങ്ങൾ പലപ്പോഴായി വാങ്ങിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. 100000 മുകളിലുള്ള വാങ്ങലുകളും ക്വട്ടേഷൻ മുഖേനയാണ് നടപ്പിലാക്കിയിരിക്കയാണ്. സർക്കാർ സ്ഥാപനങ്ങളായ കെൽട്രോൺ, വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവയിൽ നിന്നും ആയത് ലഭ്യമാകുന്നതിനുള്ള സാധ്യതയും പരിശോധിച്ചു കാണുന്നില്ല. ഉപകരണങ്ങൾ വാങ്ങുന്നതിന് 8.9.20 ൽ കൂടിയ പ്രക്വയർമെന്റ് കമ്മറ്റി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഏത് വിധത്തിലാണ് സാധനങ്ങൾ വാങ്ങുന്നതെന്ന് രേഖപ്പെടുത്തി കാണുന്നില്ല. ഫിസിയോ തെറാപ്പി യൂണിറ്റിലേക്ക് ഏതെല്ലാം ഉപകരണങ്ങൾ ആവശ്യമാണെന്ന് മുൻകൂട്ടി അറിയാമെന്നിരിക്കെ പലപ്പോഴായിക്വട്ടേഷൻ നടപടുകളിലൂടെ വാങ്ങിയത് മൂലം ഉപകരണങ്ങൾ ഒന്നിച്ചുവാങ്ങുമ്പോൾ ലഭിക്കുമായിരുന്ന വിലക്കിഴിവ് നഷ്ടമാവുകയും മത്സരാധിഷ്ഠിത ടെണ്ടറിന്റെ അഭാവം മൂലം കൂടുതൽ സ്ഥാപനങ്ങൾ പങ്കെടുക്കുന്നത് മൂലമുള്ള ഗുണങ്ങളും നഷ്ടമായി. പ്രൊജക്ട് നിർദ്ദേശവും സർക്കാർ നിർദ്ദേശവും പാലിക്കാതെ ഉപകരണങ്ങൾ വാങ്ങിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ വാങ്ങിക്കുമ്പോൾ പ്രൊജക്ട് നിർദ്ദേശ പ്രകാരമാണ് ആയത് വാങ്ങുന്നതെന്ന കാര്യം പ്രൊക്വയർമെന്റ് കമ്മറ്റിയോ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയോ ഉറപ്പുവരുത്താത്തതാണ് അപാകതക്ക് പ്രധാന കാരണം. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും തുടർ വർഷങ്ങളിൽ പ്രൊജക്ട് നിർദ്ദേശപ്രകാരം ഉപകരണങ്ങൾ വാങ്ങിക്കുന്നു എന്ന് ഉറപ്പുവരുത്തിയും അപാകത പരിഹരിക്കാവുന്നതാണ്.

1-20 പി.എം.എ.വൈ,ഭവന നിർമ്മാണം- ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല.

പി.എം എ.വൈ. ഭവനപദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ 370 ഗുണഭോക്താക്കൾക്ക് സാമ്പത്തികവർഷം വരെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 308 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 62 പേരിൽ 25 പേർ ഒന്നോ, രണ്ടോ ഗഡുക്കൾ കൈപ്പറ്റിയശേഷം നിർമ്മാണം പൂർത്തീകരിക്കാതെ സ്ഥംഭനാവസ്ഥയിലാണ്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു

| ഗുണഭോക്താവിന്റെ പേര് /വീട്ട് പേര് | ഗ്രാമപഞ്ചായത്ത് | കൈപറ്റിയ തുക/തിയ്യതി | റിമാർക്സ് |
|---|---|---|---|
| പ്രിയാറിജു.മടത്തുവിലായിൽ | ചക്കിട്ടപാറ | 48000-27.3.2017 | പണി ആരംഭിച്ചില്ല |
| ബിന്ദു.പി.എം.പുത്തൻ പീടികയിൽ | ചക്കിട്ടപാറ | 48000-12.4.17 | പണി ആരംഭിച്ചില്ല |
| ഉഷ. വാളേരിക്കണ്ടി | ചക്കിട്ടപാറ | 48000-1.4.17 | പണി ആരംഭിച്ചില്ല |
| ദേവി കല്ലുനിരവത്ത് | ചക്കിട്ടപാറ | 96000-27.317, 18.9.18 | ചുമർനിർമ്മാണം ആരംഭിച്ചു |
| ജാനു. പനത്തോട്ടത്തിൽ | ചക്കിട്ടപാറ | 96000 -27.3.17, 18.9.18 | ചുമർനിർമ്മാണം ആരംഭിച്ചു |
| ജോളി മാത്യു.പുളിക്കൽ | ചക്കിട്ടപാറ | 48000-12.4.17 | തറ നിർമ്മിച്ചു |
| ഷീബ സുനിൽ മൂലക്കുഴിയിൽ | 1ചക്കിട്ടപാറ | 96000 .10.4.17, | ചുമർനിർമ്മാണം ആരംഭിച്ചു |

| | | | |
|---|---|---|---|
| | | 15.12.18 | |
| ജിഷ.എം.സി രണ്ടുകാവുങ്ങൽ | ചക്കിട്ടപാറ | 96000 22.3.17,10.4.19 | ചുമർനിർമ്മാണം ആരംഭിച്ചു |
| അശോകൻ,ആശാരികണ്ടി | ചക്കിട്ടപാറ | 96000 7.4.18, 11.8.21 | ചുമർനിർമ്മാണം ആരംഭിച്ചു |
| ഓമന പുത്തൻ പുരക്കൽ താഴ | ചങ്ങരോത്ത് | 96000 3.3.17,22.10.18 | ലിന്റൽ ഉയരം |
| ലക്ഷ്മി-കുന്നോത്ത് മീത്തൽ | ചങ്ങരോത്ത് | 48000 30.217 | തറ നിർമ്മാണം |
| ബിജു.എൻ.വി.അറക്കപറമ്പിൽ | ചങ്ങരോത്ത് | 48000-30.3.17 | തര നിർമ്മാണം |
| ബീവി -പാറച്ചാലിൽ | ചങ്ങരോത്ത് | 48000/ 30.3.17 | സ്ഥലം വിൽപന നടത്തി. കൈപ്പറ്റിയ തുക തിരിച്ചടവാക്കിയില്ല |
| അജിത.പൂക്കോട്ടുചാലിൽ | ചങ്ങരോത്ത് | 48000-6.2.18 | പ്രവർത്തി ആരംഭിച്ചില്ല |
| സരള കുട്ടപാറക്കൊല്ലി | കായണ്ണ | 48000-30.3.17 | തറ നിർമ്മാണം |
| ശൈലജ തയ്യിൽ | കൂത്താളി | 48000-30.3.17 | തറ നിർമ്മാണം |
| നാരായണി-അച്ചം വീട്ടുമ്മൽ | ചങ്ങരോത്ത് | 48000-16.11.20 | തറ നിർമ്മാണം |
| രാജീവൻ-കടുക്കാം കുഴിയിൽ | ചങ്ങരോത്ത് | 48000-3.12.20 | പ്രവർത്തി ആരംഭിച്ചില്ല |
| ശാന്ത- കുനിയിൽ- | ചെരുവണ്ണൂർ | 48000 -18.1.21 | പ്രവർത്തി ആരംഭിച്ചില്ല |
| രോഹിണി അമ്മ.വടക്കേക്കര | പേരാമ്പ്ര | 48000-3.12.20 | പ്രവർത്തി ആരംഭിച്ചില്ല |
| ചിരുത -എടത്തും തറ | പേരാമ്പ്ര | 48000.30.10.20 | പ്രവർത്തി ആരംഭിച്ചില്ല |
| അതുൽ-കിഴക്കെ പുത്തുചാലിൽ | കൂത്താലി | 48000 -13.4.21 | ഫൗണ്ടേഷൻ |

ആനുകൂല്യം കൈപ്പറ്റിയ ശേഷം സ്ഥലം വിൽപന നടത്തിയ ബീവി, പാറച്ചാലിൽ എന്ന ഗുണഭോക്താവിൽ നിന്നും ആയത് തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതോടൊപ്പം മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയിട്ടും പ്രവർത്തി ആരംഭിക്കാതിരിക്കുകയോ, പാതിവഴിയിൽ സ്ഥംഭനാവസ്ഥയിലുള്ളതോ ആയ മറ്റ് ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനോ, നിർമ്മാണം പൂർത്തീകരിക്കുന്നതിനോ നിലവിൽ കൈക്കൊണ്ട നടപടികളും അറിയിക്കേണ്ടതാണ്.

1-21 വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്താത്തതും, ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകളും.

പേരാമ്പ്രതാലൂക്ക് ആശുപത്രിയിലെ രണ്ട് വാഹനങ്ങളുടെ പരിപാലനത്തിനാണ് സാമ്പത്തിക വർഷങ്ങളിൽ തുക ചെലവഴിച്ചിരിക്കുന്നത്.ആശുപത്രി ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്ന K.L.01 AB 5016 വാഹനവും ആശുപത്രിയിൽ ഉപയോഗിക്കുന്ന K.L.01 BE 7085 ആമ്പുലൻസും. നാളിതുവരെ മേൽ വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ച് ആയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചുകാണുന്നില്ല (മൈലേജ് സർട്ടിഫിക്കറ്റ്). വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന നടത്താതെയാണ് വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്നത്. K.L.01 BE 7085 ആമ്പുലൻസ് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം അടിക്കുന്നവിവരം ഓരോസമയത്തും രേഖപ്പെടുത്തുകയല്ലാതെ മാസാവസാനം തൻമാസം ആകെ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ്,ആകെ ഓടിയ ദൂരം,

ഇന്ധനക്ഷമത എന്നിവ സംബന്ധിച്ച ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അതേ പോലെതന്നെ വാഹനത്തിൽ ഇന്ധനം നിറക്കുമ്പോൾ ആയത് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നതിലും അപാകത സംഭവിച്ചിട്ടുണ്ട്. ഉദാ- ആമ്പുലൻസിന്റെ ആവശ്യാർത്ഥം 23.10-2020 ,7.10.20 തിയ്യതികളിൽ 50 ലിറ്റർവീതം ഡീസൽ അടിച്ച് ആയതിന്റെ ബിൽ തുക 3738 രൂപ വീതം രഘുനാഥ് ആട്ടോ ഫ്യൂൽസ് പേരാമ്പ്ര എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഈ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. അതേപോലെതന്നെ ഓഫീസ് വാഹനത്തിൽ 27.1.20 ൽ 40 ലിറ്റർ ഡീസൽ അടിക്കുന്നതിനായി 2832 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഡീസലിന്റെ വിവരവും ലോഗ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കിയിട്ടില്ല. വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിക്കുന്നതിൽ ഉത്തരവാദപ്പെട്ടവർക്കുണ്ടായ വീഴ്ചയും വാഹനങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിപ്പിന്റെ കൃത്യത ഉത്തരവാദപ്പെട്ടവർ പരിശോധിച്ച് ഉറപ്പുവ രുത്താത്തതുമാണ് അപാകതക്ക് കാരണമായത്. മൈലേജ് ടെസ്റ്റ് നടത്തിയും ലോഗ് ബുക്ക് സൂക്ഷിപ്പിലെ കൃത്യത ഉറപ്പുവരുത്തിയും അപാകത പരിഹരിക്കാവുന്നതാണ്.

1-22 വിവിധ ഏജൻസികൾക്ക് ഡപോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

2020-21 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവധ പ്രൊജക്ടുകൾ പ്രകാരവും അല്ലാതെയും വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക | ഡപോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|
| 146/21-വാളൂർ സ്കൂൾ ചെക്യാട് മീത്തൽ റോഡ് | 500000(ബിൽ നമ്പർ 14/20-21 തി 17.4.20 | കുറ്റ്യാടി ഇറിഗേഷൻ സെക്ഷൻ പേരാമ്പ്ര |
| 170/21-സ്നേഹസ്പർശം വിഹിതം നൽകൽ | 500000(ബിൽ നമ്പർ 49/20-21 തി 1.1.21) | സ്നേഹസ്പർശം കിഡ്നിപേഷ്യന്റ് വെൽഫയർ സൊസൈറ്റി |
| 96/21-കിഴക്കെകുന്ന് ചാത്തങ്കോട്ട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 500000(ബിൽ നമ്പർ 14/20-21 തി 12-4-20) | എക്സിക്യൂട്ടിവ് എഞ്ചിനീയർ P.H.ഡിവിഷൻ വടകര |
| 16/21 അക്ഷയോർജ ഉത്പാദക യൂണിറ്റ് | 700000(ബിൽ നമ്പർ 1620-21 തി 20.5-20) | K.S.E.B.തിരുവനന്തപുരം |
| 130/20-21 പേരാമ്പ്ര താലൂക്ക് ആശുപത്രി കുടിവെള്ള കണക്ഷൻ | 600000(UTR NO15094 45--20) | എക്സിക്യൂട്ടിവ് എഞ്ചിനീയർ P.H.ഡിവിഷൻ വടകര |
| പൂളച്ചാൽ കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ | 162591 Ch.no5725125dt14.8.20 | K.S.E.B. പേരാമ്പ്ര |
| ബ്ലോക്ക് പഞ്ചായത്ത് അംബേഡ്കർ ഭവൻ കെട്ടിടത്തി ൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ സോളാർ കണക്ഷൻ ലഭ്യമാക്കൽ | 63200 Ch.no5725171dt1 2.11-20 | കെൽട്രോൺ തിരുവനന്തപുരം |
| ഇങ്ങോറച്ചാൽ കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 72723 CH NO 5725796 Dt18.1.21 | K.S.E.B. പേരാമ്പ്ര |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

1-23 ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടികൾ ഇല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ സമിതി മിനട്സ് പരിശോധിച്ചതിൽ 9.5.2019 ലെ അജണ്ട 2 തീരുമാനം 7(5) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി ആയത് ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. അതേ പോലെ 16.8.19ൽ കൂടിയ ഭരണസമിതി യോഗത്തിലെ അജണ്ട 2 തീരുമാനം 28(3) പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിലെ വനിതാ സ്വയം സംരഭക ഗ്രൂപ്പ് മൊട്ടൻ തറയിൽ ഒരു ഫ്ലോർ മിൽ ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ 4ാം വാർഡിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ളതും ഇപ്പോൾ യാതൊരു പ്രവർത്തനം നടത്താത്ത കെട്ടിടം (കെട്ടിട നമ്പർ 47) അനുവദിച്ച നൽകുന്നതിന് തൊഴിൽ സംരഭക ഗ്രൂപ്പ് ഭാരവാഹികൾ സെക്രട്ടറിക്ക് നൽകിയ അപേക്ഷ പരിഗണിച്ച് ഗ്രൂപ്പിന് വാടകക്ക് നൽകുന്നതിന് തീരുമാനമാവുകയും വാടക നിശ്ചയിച്ചുനൽകാൻ അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ വിഷയങ്ങളിൽ നാളിതുവരെ തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ കൈകൊള്ളുക എന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നിരിക്കെ ആയത് പാലിക്കാത്തത്, സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവർക്കുണ്ടായ വീഴ്ചയാണ്. മേൽ വിഷയത്തിൽ തുടർ നടപടികൾ കൈകൊണ്ടിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്.

## 1-24 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 17/21 | പറമ്പത്ത് മുക്ക് - പാറക്കോട്ട് താഴെ റോഡ് | 500000/- | 499623/- |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/20-21/28.12.21) മറുപടി നല്കിയിട്ടില്ല. കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

## 1-25 ഒരു പദ്ധതിക്കായി ഒരേ വർഷം രണ്ട് പ്രൊജക്ടുകൾ നടപ്പാക്കുന്നു

2020-21 വർഷത്തെ പൊതു മരാമത്ത് പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഒരേ പ്രവൃത്തിക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം | അടങ്കൽ |
|---|---|---|---|
| 1 | തറവട്ടത്ത് കോളനികുടിവെള്ള പദ്ധതി | 138/21 | 542750 |
| 2 | - ടി- | 145/21 | 100000 |

മേൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഒരേ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായാണ് പദ്ധതികൾ

രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഇത് കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലല്ല പ്രവൃത്തികൾക്കായി പദ്ധതികൾ തയ്യാറാക്കിയത് എന്ന് വ്യക്തമാക്കുന്നു. ഒരു പദ്ധതിയിലെ മുഴുവൻ പ്രവൃത്തികളും മുൻകൂട്ടി കണ്ട് പ്രവൃത്തികൾക്കാവശ്യമായ തുക വകയിരുത്തുന്നതിനു പകരം ലഭ്യമായ തുകയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കപ്പെടുന്നതാണ് പദ്ധതി പൂർത്തീകരണത്തിനായി വീണ്ടും പദ്ധതി രൂപീകരണം നടത്തേണ്ടി വരുന്നതിനിടയാക്കിയത്. ഇത് കാരണം കരാറുകാരനെ കണ്ടെത്തുന്നതടക്കമുള്ള നടപടികൾ വീണ്ടും ചെയ്യേണ്ടി വരികയും പദ്ധതി പൂർത്തീകരണത്തിലും ഗുണഫലം ലഭിക്കുന്നതിലും കാലതാമസം വരുത്തുകയും ചെയ്യുന്നു. കൂടാതെ ഉയർന്ന അടങ്കലിലുള്ള പ്രവൃത്തികളിലൂടെ ഉണ്ടാവുമായിരുന്ന ടെണ്ടർ നടപടികളുടെ മത്സരക്ഷമതയും, ക്ഷമതയുള്ള കരാറുകാരുടെ സാന്നിധ്യവും ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം പ്രവൃത്തികൾ കൃത്യമായും, ഗുണമേന്മയോടെയും നിർവ്വഹണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/20-21/28.12.21) മറുപടി നൽകിയിട്ടില്ല. ഒരു പ്രവൃത്തിക്ക് ഒരേ സമയം രണ്ട് പദ്ധതികൾ ഏറ്റെടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം

ബ്ലോക്ക് പഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതെയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് ഫണ്ടിന്റെ ദുർവിനിയോഗമാണ്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/20-21/28.12.21) മറുപടി നൽകിയിട്ടില്ല. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ

രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ പ്രവൃത്തിയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ പരിപാലനവുമാണ് ഈ വിഭാഗത്തിലെ പ്രധാന ചുമതലകൾ എന്നാൽ ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഒരു പ്രവൃത്തിപോലും ഓഡിറ്റ് വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.
2. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.
3. ഓഡിറ്റ് വർഷം നിരവധി കുടിവെള്ള പദ്ധതികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും, ജലസേചന പദ്ധതികളുമാണ് ഉൾപ്പെടുന്നത് എന്നിരിക്കേ, വ്യാപകമായി കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള പ്രവണത കാണുന്നു.
4. സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.5.6 ൽ ബ്ലോക്ക് പഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപയിൽ കുറവുള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഈ നിബന്ധന പൂർണ്ണമായും പാലിച്ചതായി കാണുന്നില്ല.
5. ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.
6. പ്രൊജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ, ടെണ്ടർ നോട്ടീസ് കോപ്പി, പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
7. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി എഞ്ചിനിയർ ഒപ്പുവെച്ചിട്ടില്ല.
8. ഓരോ മരാമത്ത് പ്രവൃത്തിയും പൂർത്തിയായതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സൈറ്റ് സന്ദർശിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/20-21/28.12.21) മറുപടി നൽകിയിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. റോഡ് പ്രവൃത്തികളിൽ കുറഞ്ഞ തുകയുള്ള അടങ്കലിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കി പ്രധാനന റോഡുകൾ പൂർണ്ണമായും ടാർചെയ്യുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക.
2. ഓരോ വർഷത്തെ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക. പദ്ധതി നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുക
3. മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുക. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
4. ടെണ്ടറുകളിലെ മത്സരസ്വഭാവം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തികളിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുക.
5. പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭ, വർക്കിംഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
6. പൂർത്തിയാക്കുന്ന ഓരോ പദ്ധതിയും വിശദമായി മോണിറ്ററിംഗ് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

1-28 ഐ.എ.വൈ അധിക വിഹിതം -ലോൺ തിരിച്ചടവ് മുടങ്ങിക്കിടക്കുന്നു

സ.ഉ (എം.എസ്) നം 90/13/ത.സ്വ.ഭ.വ തീ 14-03-2013 പ്രകാരവും സർക്കുലർ നം 17774/ഡി.ഡി.1/2013/ ത.സ്വ.ഭ.വ 20- 03-2013 പ്രകാരവും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്, പേരാമ്പ്ര റീജ്യണൽ കോ ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 2773830/- രൂപ 12% വാർഷിക പലിശ നിരക്കിൽ 12-08-2013 മുതൽ 04-08-2015 വരെയായി ഐ.എ.വൈ പദ്ധതിയുടെ സർക്കാർ വിഹിതത്തിന്റെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനായി വായ്പയെടുത്തിട്ടുണ്ട്. മേൽ 90/13 നമ്പർ ഉത്തരവ് പ്രകാരം ഐ.എ.വൈ പദ്ധതിയുടെ സർക്കാർ വിഹിതത്തിന്റെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനായി വായപയെടുക്കാവുന്നതാണെന്നും സ.ഉ (എം.എസ്) നം 162/13/ത.സ്വ.ഭ.വ തീ 26-04-2013 പ്രകാരം വായ്പയുടെ മുതലും 11.25% ൽ അധികരിക്കാത്ത പലിശയും സർക്കാർ തന്നെ വഹിക്കുന്നതാണെന്നും ഇതിൽ അധികം വരുന്ന പലിശ ബ്ലോക്ക് പഞ്ചായത്ത് അടക്കേണ്ടതാണ് എന്നും പറയുന്നു. എന്നാൽ നാളിതുവരെയായി സർക്കാർ അടയ്ക്കുന്നതാണ് എന്ന് പറഞ്ഞ

മുതലും പലിശയും അടവ് വന്നിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ബാങ്കുമായുള്ള നെഗോസിയേഷനിലൂടെ 12% നിരക്കിൽ എടുത്ത ലോണിൽ 0.75% പലിശ ബ്ലോക്ക് പഞ്ചായത്ത് അടവാക്കേണ്ടതാണ്. ഇപ്രകാരം ബാങ്കുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2016-17 വരെ 64266/- രൂപ പഞ്ചായത്ത് പലിശ അടവാക്കിയിട്ടുണ്ട്. എന്നാൽ 2017-18 മുതൽ ഓഡിറ്റ് പിരീഡ് വരെയും പഞ്ചായത്ത് അടയ്ക്കാൻ ബാധ്യസ്ഥമായ പലിശ അടവാക്കിയിട്ടില്ല. ബാങ്കിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരം 31-09-2021 വരെ പലിശയിനത്തിൽ 2543869/- രൂപയുൾപ്പടെ ആകെ 5253433/- രൂപ ലോൺ ഇനത്തിൽ ബാങ്കിൽ തിരിച്ചടയ്ക്കാനുണ്ട്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് (0.75%) എത്ര തുയാണ് അടയ്ക്കാനുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ബാധ്യതയായ ലോൺ പലിശ (0.75%) വാർഷിക കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( 22 /20-21 തീ. 29-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ലോൺ പലിശ ബാധ്യത 2017-18 മുതൽ കുടിശ്ശികയായി തുടരുന്നത് പഞ്ചായത്തിന്റെ വീഴ്ചയാണ്.

ലോൺ പലിശയിനത്തിൽ വലിയ ബാധ്യത സർക്കാരിന് ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ പലിശ ബാധ്യത കണക്കാക്കി മുഴുവൻ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 താലൂക്ക് ആശുപത്രികെട്ടിടം മൂന്നാം നില വൈദ്യുതീകരണം -കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിൽ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല.

പ്രൊജക്ട് നമ്പർ - 141/20

വകയിരുത്തിയ തുക - 350000

ചെലവുതുക - 348287 (ബിൽ നമ്പർ 4/20-21തി 17.4.21)

നിർവഹണം – സെക്രട്ടറി

കരാറുകാരൻ - സതീശൻ സി.കെ

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പേരാമ്പ്ര താലൂക്ക് ആശുപത്രികെട്ടിടത്തിലെ മൂന്നാം നില വൈദ്യുതീകരണത്തിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 350000 രൂപ വകയിരുത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനായ ശ്രീ.പി.കെ സതീശൻ ഏറ്റടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരൻ ഫൈനൽ ബിൽ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരനുമായി പ്രവർത്തിയുടെ ഉടമ്പടിയിൽ നിശ്ചിത സമയപരിധിക്കകം ഏർപ്പെടുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിക്കാണുന്നില്ല. പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപറ്റി 14 ദിവസത്തിനകം കരാറുകാരൻ പ്രവർത്തി സംബന്ധിച്ച് നിയമാനുസൃത കരാറിലേർപ്പെടേണ്ടതും 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ 1% ഈടാക്കി കരാറുമ്പടിയിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ പ്രവൃത്തിക്ക് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത് 23.1.20നാണ്. എന്നാൽ കരാറുകാരൻ ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്നത് 27.2.2020 ൽ മാത്രമാണ് (Agriment No 17/19-20 Dt 27.2.20). കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടപ്പോൾ കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കാതെയാണ് ഉടമ്പടിയിലേർപ്പെട്ടിരിക്കുന്നത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| | |
|---|---|
| സെലക്ഷൻ നോട്ടീസ് നൽകിയ തിയ്യതി | 23.1.20 |
| കരാറിലേർപ്പെട്ട തിയ്യതി | 27.2.20 |
| ഈടാക്കേണ്ട ഫൈൻ | 1% 348348 (P.A.C. Amount) |

| | |
|---|---|
| ഫൈൻ തുക | 3483 |

നിയമാനുസൃതം പിഴ ഈടാക്കാതെ കരാറുകാരനുമായ എഗ്രിമെന്റിലേർപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കാനുള്ള തുക 3483 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അപാകത പരിഹരിക്കാവുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2020-21 | 5,20,000 | ലൈഫ് പി.എം.എ.വൈ | 5,20,000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 168000 | വജ്രജൂബിലി ഫെലോഷിപ്പ് | 0 | 168000 |
| | 2020-21 | 66,64,000 | ഭവന നിർമ്മാണം ജനറൽ | 66,64,00 | - |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കുറ്റ്യാടി ഇറിഗേഷൻ സെക്ഷൻ പേരാമ്പ്ര | വാളൂർ സ്കൂൾ ചെക്യാട് മീത്തൽ റോഡ് (146/21) | 14/20-21 തീ. 17.04.2020 | 5,00,000/- | ലഭ്യമായില്ല | -ലഭ്യമായില്ല |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ PH ഡിവിഷൻ വടകര | കിഴക്കേകുന്ന് ചാത്തങ്കോട്ട് കുടിവെള്ള പദ്ധത് പൈപ്പ് ലൈൻ നീട്ടൽ | 14/20-21 തീ. 12.04.20 | 5,00,000/- | ലഭ്യമായില്ല | ലഭ്യമായില്ല |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ PH ഡിവിഷൻ വടകര | പേരാമ്പ്ര താലൂക്ക് ആശുപത്രി കുടിവെള്ള കണക്ഷൻ (130/20-21) | UTR No. 15094 04.05.20 | 6,00,000/- | ലഭ്യമായില്ല | ലഭ്യമായില്ല |
| കെ.എസ്.ഇ.ബി തിരുവനന്തപുരം | അക്ഷയോർജ്ജ ഉത്പാദക യൂണിറ്റ് (16/21) | 16/20-21 തീ. 20.05.20 | 7,00,000/- | ലഭ്യമായില്ല | ലഭ്യമായില്ല |
| കെ.എസ്.ഇ.ബി പേരാമ്പ്ര | പൂളച്ചാൽ കുടിവെള്ള പദ്ധതി വൈദ്യുത കണക്ഷൻ | ചെക്ക് നം. 5725125 തീ. 14.08.2020 | 1,62,591/- | ലഭ്യമായില്ല | ലഭ്യമായില്ല |

| | | | | | |
|---|---|---|---|---|---|
| കെൽട്രോൺ തിരുവനന്തപുരം | ബ്ലോക്ക് പഞ്ചായത്ത് അംബേദ്കർ ഭവൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ സോളാർ കണക്ഷൻ ലഭ്യമാക്കൽ | ചെക്ക് നം. 5725171/02.11.2020 | 63,200/- | ലഭ്യമായില്ല | ലഭ്യമായില്ല |
| കെ.എസ്.ഇ.ബി പേരാമ്പ്ര | ഈങ്ങോറച്ചാൽ കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | ചെക്ക് നം. 5725796/18.01.21 | | ലഭ്യമായില്ല | ലഭ്യമായില്ല |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശം | ഉത്തരവ് നം , തീയതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുണ്ടായിരുന്ന തുക | | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക | |
|---|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | മുതൽ | പലിശ |
| IAY അധിക വിഹിതം നൽകൽ | സ.ഉ.എം.എസ് നം .90/13 തീ.14/3/13, സർക്കുലർ നം 17774/DD/2013 തീ. 20-03-2013 | 2013-14, 2014-15 | ഇല്ല | 2773830 | 1979858 (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | ഇല്ല | 2773830 | 12% നിരക്കിൽ 64266/- കഴിച്ച് ബാക്കി പലിശ അടയ്ക്കാനുണ്ട്. (31-3-21 തീയതി പ്രകാരമുള്ള തിരിച്ചടവ് കണക്ക് ബാങ്കിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരത്തിന് ഖണ്ഡിക ( 1-29 ) കാണുക |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35 | 2002-03 | VII.I.II.I(I) | അയോൽപടി – എടക്കയിൽ റോഡ് | പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമായതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീരസംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | പരാമർശം ഒഴിവാക്കി |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2000-01 | 27, 29 | ശ്രീ.കെ.പി പര്യായിക്കുട്ടി | LF.9969/Spl. Cellsc5/03 Dt.12.04.04 | 2,851 | 11421 തീ-12.06.18 | | | | | | |

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,21,16,626 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,70,00,595 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,483 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,00,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 3483 | ശ്രീമതി. സഖി. എം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 16,00,000 | ശ്രീമതി. ദീപ.കെ, സി.ഡി.പി.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സഖി. എം, സെക്രട്ടറി | ലഭ്യമല്ല | കിഴക്കുംകര വീട്, ഊക്കോട് പി.ഒ തിരുവനന്തപുരം-695 020 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(3) തീ.05/04/2017 | 5 | 32, 34, 35, 36, 37 |
| 2000-01 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(4) തീ.05/04/2017 | 8 | 25, 27, 29, 33, 34, 38(b), 39, 40 |
| 2002-03 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(6) തീ.05/04/2017 | 4 | 8, 9, 13, 16 |
| 2003-04 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(7) തീ.05/04/2017 | 2 | 3-3, 3-5 |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(8) തീ.05/04/2017 | 11 | 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(9) തീ.05/04/2017 | 12 | 1-1, 2-1, 3-1, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2007-08 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(10) തീ.05/04/2017 | 20 | 2-1, 3-1, 3-3, 3-5, 3-6, 3-7(2), 3-8(3), 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21, 3-22, 3-23 |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി7/ 1271/2012 തീ.05/09/2012 | 7 | 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8 |
| 2009-10, 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/ 60/2013 തീ.22/07/2013 | 11 | 2-1, 2-3, 2-5, 3-4, 3-6, 3-7(b,c,d), 3-8, 3-11, 3-12, 3-13, 3-17 |
| 2011-12, 2012-13 | കെ.എസ്.എ. കെ.കെ.ഡി.പി7/ 1003/2015 തീ.08/10/2015 | 6 | 2-1, 3-3(1), 3-5, 3-6, 3-7, 3-8, 3-9 |
| 2013-14, 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി7/ 262/2017 തീ.19/05/2017 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-7(2), 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി.പി7/ 442/2017 തീ.31/01/2018 | 11 | 2-1, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-10, 3-12, 3-13, 3-15 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2175/2017 തീ.26/03/2018 | 15 | 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2059/2018 തീ.19/11/2018 | 14 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2018-19 | KSA.KKD.P11/2003/19 തീ. 18.05.2020 | 18 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27,4-11 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്